പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 498 06.02.2013 -ലെ മറുപടി

ശ്രീ. സജീവ് കുമാറിന്റെ എടത്വ ഡിപ്പോയിലെ നിയമനം

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടനാട്ടിലെ ഏക കെ.എസ്.ആർ.ടി.സി ഡിപ്പോ ആയ എടത്വ ഡിപ്പോയിലെ ഇൻസ്പെക്ടർ-ഇൻ-ചാർജിനെ നില നിർത്തുന്നതിന് സമർപ്പിച്ച അപേക്ഷ യിന്മേൽ എന്തുനടപടി സ്വീകരിച്ചു വെന്ന് വിശദമാക്കുമോ ; | (എ) | എടത്വാ ഡിപ്പോയിലെ ഇൻസ്പെക്ടർ ഇൻചാർജ്ജിനെ നിലനിർത്തുന്നതിന് ബഹു. എം.എൽ.എ സമർപ്പിച്ച അപേക്ഷ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചത് 18.01.2013-നാണ്. എന്നാൽ ടി അപേക്ഷ വിജിലൻസ് സെക്ഷനിൽ പോകുകയും തുടർ നടപടിക്കായി പേഴ്സണൽ സെക്ഷനിൽ ലഭിക്കുന്നത് 02.02.2013 -ലാണ്. ആയത് പരിശോ ധിച്ചു വരുന്നു. |
| (ബി) | എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ യിലെ കൺട്രോളിംഗ് ഇൻസ്പെക്ടറെ ക്കുറിച്ചുള്ള പരാതികളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദ മാക്കുമോ ; | (ബി) | എടത്വ ഡിപ്പോയിലെ കൺട്രോളിംഗ് ഇൻസ്പെക്ടറായ സജീവ് കുമാറിനെ സംബന്ധിച്ച് രണ്ട് പരാതികളാണ് കെ. എസ്.ആർ.ടി.സി. യിൽ ലഭിച്ചിട്ടുള്ളത്.<br>1. എടത്വ ഡിപ്പോയിലെ കണ്ടക്ടർ വിനോദ്. കെ. തോമസിനെ എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)-ന്റെ ഉത്തരവിനെ അവഗണിച്ച് കൺസഷൻ കൗണ്ടർ ഡ്യൂട്ടിയ്ക്ക് വീണ്ടും നിയോഗി ക്കുകയും അന്വേഷണ ഉദ്യോഗസ്ഥ രോട് ധിക്കാരപരമായി പെരുമാറിയ തിനും ഇൻസ്പെക്ടർ എസ്.സജീവ് കുമാറിന് വി.എൽ.സി. 4-29488/2012 |

| | | | |
|---|---|---|---|
| | | | നമ്പരായി 04.12.2012 തീയതിയായി കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.<br>2. 01.10.2012 -ൽ ഹരിപ്പാട് നിന്നും എടത്വായ്ക്ക് സർവ്വീസ് വന്ന വനിതാ കണ്ടക്ടറോട് (എംപാനൽ) അപമര്യാദയായി പെരുമാറി എന്ന പരാതിയിൻമേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ വി.എൽ.സി. 4/29490/12 നമ്പരായി 11.12.2012 -ൽ ചെങ്ങന്നൂർ യൂണിറ്റി ലേയ്ക്ക് സ്ഥലം മാറ്റി. എന്നാൽ ടിയാൻ സമർപ്പിച്ച നിവേദനത്തിൻ മേൽ നടത്തിയ പുനരന്വേഷണത്തിൽ ടിയാൻ പൂർണ്ണമായും കുറ്റക്കാരന ല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും എടത്വ ഡിപ്പോയിൽ തന്നെ നിലനിർത്തു കയും ചെയ്തു. |
| (സി) | ശ്രീ. സജീവ് കുമാറിനെ തിരികെ എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിയമിച്ച ഉത്തരവ്/നടപടിക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ആരുടെ ശുപാർശ പ്രകാരമാണ് ശ്രീ. സജീവ് കുമാറിനെ വീണ്ടും എടത്വ ഡിപ്പോയിൽ നിയമിച്ചതെന്ന് വ്യക്ത മാക്കുമോ ? | (ഡി) | 01.10.2012 -ൽ ഹരിപ്പാട് നിന്നും എടത്വയ്ക്ക് സർവ്വീസ് വന്ന വനിതാ കണ്ടക്ടറോട് അപമര്യാദമായി പെരു മാറിയതിൽ ടിയാനെ അച്ചടക്ക നടപടിയുടെ ഭാഗമായി ചെങ്ങന്നൂർ യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിരുന്നു. എന്നാൽ ടിയാൻ സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പി.ജി.രവീന്ദ്രൻ, (ഇൻസ്പെക്ടർ, എസ്.ക്യൂ 12 കൊല്ലം) മുഖേന നടത്തിയ പുനരന്വേഷണ റിപ്പോർട്ട് പ്രകാരം (31.12.2012 തീയതി) സജീവ് കുമാറിനെ പൂർണ്ണമായും കുറ്റക്കാരന ല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ടിയാനെ വീണ്ടും എടത്വ ഡിപ്പോയിൽ നിയമിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

# KERALA STATE ROAD TRANSPORT CORPORATION

No.PL.10/001005/13

Office of the Chairman & Managing Director
Transport Bhavan, Fort
Thiruvananthapuram, dt:18.01.2013

## MEMORANDUM

Sub: Establishment of Inspectors – Shifting of Inspector on Administrative Ground – Cancelled – Orders issued.

Ref: 1) U.O.Note VLC4/029490/12 dt:11.12.2012.
2) No.PL10/000006/12 Dt.13.12.2012.
3) U.O.Note VLC4/029490/12 dt:15.01.2013

The administrative ground transfer of Sri.Sajeev Kumar.S, Inspector, from Edathua to Chengannur under reference 2nd cited is cancelled and he is retained at Edathua unit.

The Unit Officers concerned are directed to comply with and report.

***Personnel Manager***

***To***

***The Unit Officers***
***EDTA (TVLA), CGNR***
***Copy to: EDPC, VGL Sn, Sf & File***